**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1989** **04-02-2026 - ൽ മറുപടിയ്ക്ക്**

**നിരണം താറാവ് വളർത്തൽ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പക്ഷിപ്പനി ഭീഷണിയെ തുടർന്ന് അടച്ച നിരണം താറാവ് വളർത്തൽ കേന്ദ്രം തുറന്ന് പ്രവർത്തിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | പപക്ഷിപ്പനി ഭീഷണിയെ തുടർന്ന് അടച്ച നിരണം താറാവ് വളർത്തൽ കേന്ദ്രത്തിൽ പക്ഷികളെ റീ-സ്റ്റോക്കിംഗ് ചെയ്യുന്നതിനായി ടി താറാവ് വളർത്തൽ കേന്ദ്രത്തിന്റെ 'ഷെഡ് -സി' യുടെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 'ഷെഡ്-സി' യുടെ എതിർവശത്തുള്ള 'ബ്രൂഡർ ഷെഡ്-ബി' യുടെ വാട്ടർ പ്യൂരിഫയർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിൽ റീ-സ്റ്റോക്കിംഗിനായി സജ്ജമാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവിടെ പക്ഷികളെ വളർത്താവുന്നതാണ്. നിലവിൽ ആലപ്പുഴ ജില്ലയിൽ പക്ഷിപനി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിരണം താറാവ് വളർത്തൽ കേന്ദ്രം സ്ഥിതി ചെയ്യുന്ന പ്രദേശം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം സർവൈലൻസ് സോണിലാണ്. |

സെക്ഷൻ ഓഫീസർ